3.30 PM]

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ബഹുമാനപ്പെട്ട സ്പീക്കർ അക്കാര്യത്തെക്കുറിച്ച് ശക്തമായ ഭാഷയിൽത്തന്നെ ഇവിടെ പറഞ്ഞുകഴിഞ്ഞു. അത് നിശ്ചയമായും ഗവൺമെന്റ് അന്വേഷിക്കും. ഇന്നുരാവിലെ എല്ലാവരോടും കൂടിയാലോചിച്ചാണ് ഇതുസംബന്ധിച്ച് ഒരു തീരുമാനമെടുത്തത്. പ്രോ-വൈസ് ചാൻസലർ അങ്ങനെയൊരു തീരുമാനം അറിയിച്ചിട്ടുണ്ടെങ്കിൽ അത് ഏത് സാഹചര്യത്തിൽ, എന്താണെന്നുള്ളതിനെക്കുറിച്ച് അന്വേഷിക്കും. അദ്ദേഹത്തിനോട് വിശദീകരണം ചോദിക്കും. ..... (ബഹളം).....

മി. സ്പീക്കർ: യെസ്. പ്ലീസ്..... ഈ പ്രോ വൈസ് ചാൻസലർ.....

ശ്രീ. സി. ദിവാകരൻ: .....(മൈക്ക് ഓഫ്).....

മി.സ്പീക്കർ: യെസ്. പ്ലീസ്.....അതല്ല ചെയർ ശക്തമായ ഭാഷയിൽ റൂൾ ചെയ്തത്. അതനുസരിച്ച് ഉദ്യോഗസ്ഥർക്ക് ഗവൺമെന്റ് കർശന നിർദ്ദേശം നൽകും. ആ വിഷയം ഇനി ചർച്ച ചെയ്യേണ്ട കാര്യമില്ല. പ്ലീസ്..... അടുത്ത നടപടികളിലേയ്ക്ക് കടക്കണം.

ശ്രീ. ജി. സുധാകരൻ: സർ, പോയിന്റ് ഓഫ് ഓർഡർ....

മി. സ്പീക്കർ : എന്താണ് അങ്ങയുടെ പോയിന്റ് ഓഫ് ഓർഡർ.

XIV. ക്രമപ്രശ്നം

കേരള ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയ്ക്ക് ഡോ. എ. പി. ജെ. അബ്ദുൾ കലാമിന്റെ പേരിടുന്നത് സംബന്ധിച്ച്

3.31 PM]

ശ്രീ. ജി. സുധാകരൻ : സർ, I have a valid point of order. ബിൽ ചർച്ച ചെയ്ത് നിയമമാകുന്നതിനുമുമ്പ് ഓർഡിനൻസ് വന്നുവെന്നുള്ളത് ശരിയാണ്. നമ്മളെല്ലാം ആദരിക്കുന്ന ബഹുമാന്യനായ കലാം സാറിന്റെ പേര് ഈ യൂണിവേഴ്സിറ്റിക്ക് നൽകണമെന്ന് ഇന്നുരാവിലെ ഈ സഭയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതിനെ ഞങ്ങളാരും എതിർത്തില്ല. പക്ഷേ ഞാനൊരു ക്രമപ്രശ്നം ഉന്നയിക്കുകയാണ്. ഈ ബിൽ പാസ്സാക്കുന്ന അവസരത്തിൽ ഈ ബില്ലിൽത്തന്നെ അമെന്റ്മെന്റ് കൊണ്ടുവരാം. അദ്ദേഹത്തിന്റെ പേര് ഈ ബില്ലിൽത്തന്നെ കൊണ്ടുവരാൻ

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റിന് അധികാരമുണ്ട്. അത് കൊണ്ടുവന്നിട്ടില്ല. അല്ലെങ്കിൽ ബിൽ പാസ്സായിക്കഴിഞ്ഞ് ഗവൺമെന്റിന് പ്രഖ്യാപിക്കാം. അഥവാ ഈ ബിൽ ഇന്ന് പാസ്സാകുന്നില്ലെങ്കിൽ പേരിന്റെ സ്ഥിതി എന്താകും; ഈ വിഷയമാണ് ഞാൻ ഉന്നയിക്കുന്നത്. രണ്ടാമതായി കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാല കേരളത്തിന്റെ സർവ്വകലാശാലയാണ്. ഈ പേര് ആ സർവ്വകലാശാലയ്ക്ക് കൊടുത്തിരുന്നുവെങ്കിൽ ഇതിനേക്കാൾ എത്രയോ ഉചിതമാകമായിരുന്നു. ഇത് 133 സ്വാശ്രയ കോളേജുകളുടെ യൂണിവേഴ്സിറ്റിയാണ്. അദ്ദേഹത്തിന്റെ പേര് കൊടുക്കുന്നതിനെ എതിർക്കുന്നില്ല. ഇത്തരം കാര്യങ്ങളിൽ അങ്ങ് വ്യക്തത വരുത്തണം. ഈ നിയമസഭയ്ക്ക് എന്ത് വിലയാണുള്ളത്; സ്വാശ്രയ യൂണിവേഴ്സിറ്റിക്ക് അദ്ദേഹത്തിന്റെ പേര് കൊടുക്കുന്നത് എന്തിനാണ്; എന്തുകൊണ്ട് കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാലയ്ക്ക് ആ പേര് കൊടുത്തുകൂടാ; പേര് മാറ്റിക്കൊടുക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറാണോ; ഞാൻ അങ്ങയെത്തന്നെ ചുമതലപ്പെടുത്തുകയാണ്. അങ്ങേക്ക് ഇവിടെവച്ചുതന്നെ പറയാം. മറ്റ് സാങ്കേതികവാദം ഞാൻ പറഞ്ഞെന്നു മാത്രമേയുള്ളൂ.

3.33 PM]

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, അങ്ങ് തെറ്റിദ്ധരിച്ച് പറയുകയാണ്. ഇത് സ്വാശ്രയ കോളേജുകൾക്കുവേണ്ടിയുള്ള യൂണിവേഴ്സിറ്റിയല്ല. വളരെ നാളുകളായി നമ്മൾ പ്രതീക്ഷിച്ചിരുന്ന, ടെക്നിക്കൽ വിദ്യാഭ്യാസ രംഗത്ത് വളരെയേറെ മാറ്റങ്ങൾക്കിടയാക്കാൻ സാധിക്കുന്ന ഒന്നാണ്. ഡോ. എ. പി. ജെ. അബ്ദുൾ കലാം സ്വപ്നം കണ്ട, ടെക്നോളജിക്കൽ ഡെവലപ്മെന്റ് യാഥാർത്ഥ്യമാക്കാൻ വേണ്ടി ശ്രമിച്ച അദ്ദേഹത്തെ ഓർക്കുന്ന ഈ അവസരത്തിൽത്തന്നെ, ഈ ബിൽ സഭയിൽ വരുമ്പോൾ സർവ്വകലാശാലയ്ക്ക് അദ്ദേഹത്തിന്റെ പേരിടുന്നത് ഏറ്റവും ഉചിതമായിരിക്കുമെന്ന് തോന്നി. ആ ആശയം ഞങ്ങൾ കൈമാറി. വിദ്യാഭ്യാസ വകുപ്പുമന്ത്രി ഔദ്യോഗികമായി സഭയിൽ ഭേദഗതി അവതരിപ്പിക്കുന്നുണ്ടെന്ന് ഞാൻ രാവിലെ പറഞ്ഞതാണ്.

3.34 PM]

ശ്രീ. ജി. സുധാകരൻ : സർ, അങ്ങ് പറഞ്ഞതിനെ അംഗീകരിച്ചുകൊണ്ട് പറയുകയാണ്, 133 അഫിലിയേറ്റഡ് കോളേജുകളും സെൽഫ് ഫൈനാൻസിംഗാണ്. 11 കോളേജുകൾ മാത്രമേ ഗവൺമെന്റ് എയ്ഡഡ് ആയിട്ടുള്ളൂ. ആ 133 കോളേജുകളിലെ നിരവധി സീറ്റുകൾ ലക്ഷക്കണക്കിന് രൂപയുടെ വിദ്യാഭ്യാസ കച്ചവടം നടത്തുന്ന സീറ്റുകളായതുകൊണ്ടാണ് അദ്ദേഹത്തിന്റെ പേരിടണമോ എന്ന് ഞാൻ ചോദിച്ചത്. ഇത് സെൽഫ് ഫൈനാൻസിംഗ് യൂണിവേഴ്സിറ്റിയല്ല എന്നുള്ളതെനിക്കറിയാം. പക്ഷേ ഫലത്തിൽ അങ്ങനെയാണെന്നാണ് ഞാൻ പറഞ്ഞത്.

LIBRARY ARCHIVES Kerala Legislative Assembly

3.34 PM]

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ഇവിടത്തെ എല്ലാ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളും അഫിലിയേറ്റ് ചെയ്തിരിക്കുന്നത് ഈ ടെക്നിക്കൽ യൂണിവേഴ്സിറ്റിയിലാണ്. കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാല ഒരു അഫിലിയേറ്റഡ് യൂണിവേഴ്സിറ്റിയല്ല. അതൊരു സെൻടഡൈസ്ഡ് യൂണിവേഴ്സിറ്റിയാണ്. എല്ലാ കോളേജുകളും അഫിലിയേറ്റ് ചെയ്തിട്ടുള്ളത് ഈ സർവ്വകലാശാലയിലാണ്. അതിനാണ് വളരെക്കൂടുതൽ സാദ്ധ്യതകളും അവസരങ്ങളുമുള്ളത്. പ്രത്യേകിച്ച് അതിനെക്കുറിച്ചുള്ള ചർച്ച നടക്കുകയുംകൂടി ചെയ്യുന്ന അവസരമായതുകൊണ്ടാണ് ഇങ്ങനെയൊരു തീരുമാനമെടുത്തത്.

3.35 PM]

ശ്രീ. എസ്. ശർമ്മ : സർ, ഇതുമാത്രമല്ല, കർണ്ണാടക, ആന്ധ്രാപ്രദേശ്, തമിഴ്നാട് തുടങ്ങി സൗത്ത് ഇന്ത്യയാകെ jurisdiction ആയിട്ടുള്ളതാണ് കൊച്ചിൻ യൂണിവേഴ്സിറ്റി.

മി. സ്പീക്കർ : ഈ വിഷയം സംബന്ധിച്ച് ചർച്ച നീട്ടികൊണ്ടു പോകരുത്.

3.35 PM]

വിദ്യാഭ്യാസ വകപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ, 'അറിവാണ് ഏത് മേഖലയുടേയും വികസനത്തിന് ആധാരം' എന്നാവർത്തിച്ചുപറഞ്ഞ മുൻ രാഷ്ട്രപതി എ.പി.ജെ. അബ്ദുൾ കലാമിന്റെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ടാണ് ഞാൻ ഈ ബിൽ അവതരണത്തിന് തുടക്കമിടുന്നത്. 'I will keep the lamp of knowledge burning to achieve the vision-Developed India'. അതുപോലെതന്നെ ഇന്ത്യയെ വ്യവസായിക വിപ്ലവത്തിലേക്ക് കൈപിടിച്ചുയർത്തിയ ജെ.ആർ.ഡി. ടാറ്റയുടെ 111-ാം ജന്മദിനമാണിന്ന്. 'Morethan ever before, we must ready to think every problem afresh, to change and innovate...' എന്ന ജെ. ആർ. ഡി. ടാറ്റയുടെ വാക്കുകൾ ഉൾക്കൊണ്ടാണ് സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ മാറ്റത്തിന് തുടക്കം കുറിച്ചുകൊണ്ടുള്ള ഈ ബിൽ ഞാൻ അവതരിപ്പിക്കുന്നത്. ഇന്ത്യയെ വികസനത്തിന്റെ സ്വപ്നം കാണാൻ പഠിപ്പിച്ച്, ആ സ്വപ്നങ്ങൾക്ക് നിറംപകർന്ന മഹാനായ എ. പി. ജെ. അബ്ദുൾ കലാമിന്റെ സ്മരണ നിലനിർത്തുന്നതിനായി ഈ സർവ്വകലാശാലയ്ക്ക് ആ മഹാനുഭാവന്റെ പേര് നൽകണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നുരാവിലെ ഉന്നയിച്ച അഭിപ്രായം ഞാൻ ഉൾക്കൊള്ളുകയും ഈ യൂണിവേഴ്സിറ്റിക്ക് 'എ. പി. ജെ. അബ്ദുൾ കലാം കേരള സാങ്കേതിക ശാസ്ത്ര സർവ്വകലാശാല' എന്ന് പേര് നൽകുവാനാണുദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly